കേരളകൗമുദി
14 ജനുവരി 2018 ഞായർ

ഗുരുമാർഗം



കഴുത്തു കറുത്തിരിക്കുന്നതായി കാണുന്നുണ്ട്. കാരുണ്യനിധിയായ ഭഗവാൻ, അങ്ങു വിഷമാകുന്ന കറുപ്പ് ഭക്ഷിച്ചതു കൊണ്ടാണ് അങ്ങനെ സംഭവിച്ചത്. കറുത്തിരുണ്ട മേഘത്തിന് തുല്യമായ കടലിന് അതിരുണ്ട്. അങ്ങേക്ക് ഒരതിരുമില്ല.

www.keralakaumudi.com www.facebook.com/keralakaumudi

തൃക്കേട്ട 16 - 01
ത്രയോദശി 49- 14
1939 പൗഷം 24
1439 റബീ ഉൽ ആഖിർ 26
1193 ധനു 30

ജുഡിഷ്യറിയിലെ സുതാര്യത ജനങ്ങളുടെ അവകാശം

രാജ്യത്തെ പരമോന്നത കോടതിയെക്കുറിച്ച് ജനം വച്ചുപുലർത്തിയിരുന്ന സങ്കല്പങ്ങളെ അല്പമൊന്ന് ഉലയ്ക്കുന്നതാണ് ജസ്റ്റിസുമാരായ ജെ. ചെലമേശ്വർ, രഞ്ജൻ ഗൊഗോയ്, കുര്യൻ ജോസഫ്, മദൻ ബി. ലോക്കുർ എന്നിവർ കഴിഞ്ഞ വെള്ളിയാഴ്ച നടത്തിയ വാർത്താസമ്മേളനം. ചീഫ് ജസ്റ്റിസ് ദീപക് മിശ്ര കഴിഞ്ഞാൽ സുപ്രീംകോടതിയിൽ സീനിയോറിട്ടിയിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന ഈ നാല് പേരും അതിപ്രഗത്ഭരാണ്. സുപ്രീംകോടതിയിലെ ഭരണനിർവ്വഹണം ശരിയായ രീതിയിലല്ലെന്നും ജനാധിപത്യം സംരക്ഷിക്കപ്പെടേണ്ടതുണ്ടെന്നുമാണ് വാർത്താസമ്മേളനത്തിലെ പരാമർശങ്ങളുടെ രത്നച്ചുരുക്കം. ആ ന്യായാധിപന്മാർ തന്നെ വ്യക്തമാക്കിയത് പോലെ, രാജ്യത്തിന്റെയും ജുഡിഷ്യറിയുടെയും ചരിത്രത്തിലെ അസാധാരണ സംഭവം തന്നെയാണ് ഇത്. അസാധാരണ സാഹചര്യങ്ങൾ അസാധാരണ സംഭവവികാസങ്ങൾക്കും പരിണാമങ്ങൾക്കും ഇടവരുത്തും. കാലത്തിന്റെ ഭാവപ്പകർച്ചകളെക്കുറിച്ചും ലോകചരിത്രത്തിന്റെ ഗതിവിഗതികളെക്കുറിച്ചും അറിയാത്തവർക്കേ അതിൽ അമ്പരപ്പ് തോന്നൂ.

ഒരു ജനാധിപത്യ വ്യവസ്ഥിതിയിൽ എക്സിക്യൂട്ടീവിലും ലെജിസ്ലേച്ചറിലും നിന്ന് മാത്രമല്ല, ജുഡിഷ്യറിയിൽ നിന്നും ജനം സുതാര്യത പ്രതീക്ഷിക്കുന്നുണ്ട്. സുപ്രീംകോടതി ജഡ്ജിമാർ വാർത്താസമ്മേളനം നടത്തിയത് പരമോന്നത നീതിപീഠത്തിന് ഒരു കളങ്കമായി മാറിയെന്ന് വാദിക്കുന്നവർ അത് മനസിലാക്കണം. നീതിനിർവഹണത്തിന്റെ പരിശുദ്ധി കാത്തുസൂക്ഷിക്കേണ്ടത് രഹസ്യത്തിന്റെ വൻമതിലുകൾ നിലനിറുത്തിയല്ല. പരിശുദ്ധിയുള്ളവർ എന്തിന് സുതാര്യതയെ ആശങ്കയോടെ കാണണം.

സുപ്രീംകോടതിയുമായി ബന്ധപ്പെട്ട് ഏതാനും മാസം മുമ്പും ഒരു അസാധാരണ സംഭവം നടന്നിരുന്നു. സിറ്റിംഗ് ജഡ്ജിയായിരുന്ന ജസ്റ്റിസ് സി.എസ്. കർണനെ കോടതിയലക്ഷ്യത്തിന് തടവിലിടാൻ പരമോന്നത കോടതി വിധിച്ചു. എത്രയെങ്കിലും കുറ്റവാളികൾക്ക് തടവുശിക്ഷ വിധിച്ചിട്ടുള്ള അദ്ദേഹം ആറ് മാസം തടങ്കലിലായിരുന്നു. ജൂഡിഷ്യറിയിൽ വിശുദ്ധി ഇല്ലാത്തവരുമുണ്ടെന്ന് പരസ്യമായി പറഞ്ഞതായിരുന്നു അദ്ദേഹത്തിന്റെ കുറ്റം. തടവറയിലേക്ക് പോകും മുമ്പ് അദ്ദേഹം സങ്കടത്തോടെ പറയുകയുണ്ടായി, ഒരു ദളിതനായിപ്പോയതാണ് തന്റെ യഥാർത്ഥ കുറ്റമെന്ന്. ജനങ്ങൾക്ക് എന്നേ അറിയാം, കുറ്റങ്ങളിൽ തന്നെ ശരിയും തെറ്റുമുണ്ടെന്ന്. അതുകൊണ്ടാവാം, അദ്ദേഹത്തിന്റെ വിലാപം കേൾക്കാൻ ഏറെ പേരുണ്ടായിരുന്നില്ല. ഹൈക്കോടതിയിലെ ഒരു സിറ്റിംഗ് ജഡ്ജി തടവിലാക്കപ്പെട്ട സംഭവം രാജ്യത്തെ നീതിന്യായ ചരിത്രത്തിലെ ഒരു കറുത്ത ഏടാണെന്ന് ആരും വിലയിരുത്തിയതുമില്ല.

എന്നാൽ, ഇപ്പോൾ പരിണതപ്രജ്ഞരായ നാല് ന്യായാധിപന്മാർ വാർത്താസമ്മേളനത്തിലൂടെ ജനങ്ങളോട് നേരിട്ട് സംവദിച്ചപ്പോൾ പരമോന്നത നീതിപീഠം കളങ്കപ്പെട്ടുവെന്നാണ് നീതിന്യായ രംഗത്തെ ഒരു വിഭാഗത്തിന്റെ വാദഗതി. വാർത്താസമ്മേളനത്തിലെ വാക്കുകൾ സൂക്ഷ്മമായി പരിശോധിച്ചാൽ മനസിലാകും നീതിനിർവഹണത്തെക്കുറിച്ചല്ല, സുപ്രീംകോടതിയിലെ ഭരണനിർവഹണത്തിലെ അപാകതകളെക്കുറിച്ചായിരുന്നു പരാമർശങ്ങളെന്ന്. നീതിനിർവഹണവുമായി കെട്ടുപിണഞ്ഞുകിടക്കുന്നത് തന്നെയാവാം ഭരണനിർവഹണത്തിലെ ഔചിത്യമില്ലായ്മ. പക്ഷേ, രണ്ടിനെയും ബന്ധിപ്പിക്കുന്ന ചരടുകൾ അനാവരണം ചെയ്യപ്പെട്ടില്ല. ആ നിലയ്ക്ക് എന്ത് കളങ്കപ്പെട്ടുവെന്നാണ് പറയുന്നതെന്ന് ഇനി വേണം വ്യക്തമാകാൻ.

ഒരു ജനാധിപത്യ വ്യവസ്ഥിതിയിൽ എക്സിക്യൂട്ടീവിലും ലെജിസ്ലേച്ചറിലും നിന്ന് മാത്രമല്ല, ജൂഡിഷ്യറിയിൽ നിന്നും ജനം സുതാര്യത പ്രതീക്ഷിക്കുന്നുണ്ട്. സുപ്രീംകോടതി ജഡ്ജിമാർ വാർത്താസമ്മേളനം നടത്തിയത് പരമോന്നത നീതിപീഠത്തിന് ഒരു കളങ്കമായി മാറിയെന്ന് വാദിക്കുന്നവർ അത് മനസിലാക്കണം. നീതിനിർവഹണത്തിന്റെ പരിശുദ്ധി കാത്തുസൂക്ഷിക്കേണ്ടത് രഹസ്യത്തിന്റെ വൻമതിലുകൾ നിലനിറുത്തിയല്ല. പരിശുദ്ധിയുള്ളവർ എന്തിന് സുതാര്യതയെ ആശങ്കയോടെ കാണണം.

ന്യായാധിപന്മാർ ജനങ്ങളോട് സംവദിക്കുന്നത് രാജ്യത്തെ നിയമസംഹിത വിലക്കിയിട്ടുണ്ടോ? അലിഖിത നിയമങ്ങൾ ചക്രവർത്തിമാരുടെ കാലത്തെ പ്രതിഭാസമാണ്. ചക്രവർത്തിമാരുടെ കല്പനകളായിരുന്നു നിയമങ്ങൾ. ലിഖിതരൂപം ആവശ്യമായിരുന്നില്ല. ചക്രവർത്തിമാരാകട്ടെ, ജനങ്ങളുടെ ആഗ്രഹങ്ങൾക്കോ അഭിലാഷങ്ങൾക്കോ വില കല്പിച്ചിരുന്നുമില്ല. ഇന്ത്യൻ നീതിന്യായ വ്യവസ്ഥയ്ക്കുമുണ്ട്, ബ്രിട്ടീഷ് ചക്രവർത്തിയുടെ ഭരണകാലത്തിന്റെ ചില ശീലക്കേടുകൾ. അലിഖിത നിയമങ്ങളായാണ് അവ നിലനിൽക്കുന്നത്. ജനാധിപത്യ വ്യവസ്ഥിതിയിൽ ഇത്തരം അലിഖിത നിയമങ്ങൾ പുനർവായനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്.

ന്യായാധിപന്മാരുടെ വാർത്താസമ്മേളനം പരമോന്നത നീതിപീഠത്തിന് എന്തെങ്കിലും കളങ്കമേല്പിച്ചുവെന്ന് സാധാരണക്കാർ കരുതുന്നില്ല. ജനങ്ങളെ അഭിസംബോധന ചെയ്തതിലൂടെ ന്യായാധിപന്മാർ പ്രകടമാക്കിയ ആർജ്ജവത്തെ സാധാരണക്കാർ എന്തിന് സന്ദേഹത്തോടെ കാണണം. ഒരു ശുദ്ധീകരണകർമ്മം അനുഷ്ഠിക്കുന്നത് പോലെയേ ആ വാർത്താസമ്മേളനം അനുഭവപ്പെട്ടുള്ളൂ. ജൂഡിഷ്യറിയിൽ ഒരു ശുദ്ധീകരണവും ആവശ്യമില്ലെന്ന് എങ്ങനെ ശഠിക്കാനാവും. രാജ്യത്തെ ന്യായാധിപന്മാരിൽ 100 ശതമാനവും പരിശുദ്ധരാണെന്ന് ജനം വിശ്വസിക്കുന്നുണ്ടോ? ഒരു വോട്ടെടുപ്പ് നടത്തിയാൽ അറിയാം ജനങ്ങളുടെ വിശ്വാസം എന്താണെന്ന്. യാഥാർത്ഥ്യങ്ങൾ മനസിലാക്കിയിട്ട് വേണം, വാർത്താസമ്മേളനം നീതിപീഠത്തെ കളങ്കപ്പെടുത്തിയെന്ന നിഗമനത്തിലേക്ക് എടുത്തുചാടാൻ.

ജൂഡിഷ്യറിയുടെ പരിശുദ്ധി സംരക്ഷിക്കാൻ ഉന്നതനീതിപീഠങ്ങളിലേക്ക് ന്യായാധിപന്മാരെ തിരഞ്ഞെടുക്കുന്നതിൽ മുതൽ സുതാര്യത ആവശ്യമാണ്. തിരഞ്ഞെടുപ്പ് നീതിപൂർവമാണെന്ന് എങ്ങനെ ഉറപ്പിക്കാനാവും? സുപ്രീംകോടതി ജഡ്ജിമാരിലും ഹൈക്കോടതി ചീഫ് ജസ്റ്റിസുമാരിലും എത്ര ദളിതരുണ്ട്? ഈ ചോദ്യത്തിന്റെ ഉത്തരം മാത്രം മതി, നീതിപീഠങ്ങൾക്ക് ഇരുമ്പുമറ ആവശ്യമാണെന്ന് വാദിക്കുന്നവരുടെ മനസിലിരിപ്പ് വ്യക്തമാകാൻ.

ജീവിക്കുന്ന സാമൂഹ്യബോധം

മാനവദർശനം

മുനി നാരായണ പ്രസാദ്

ഞങ്ങൾ ചെറുവത്തൂർ ഗുരുകുലത്തിൽ പോയിട്ട് തിരിയെ വർക്കലയ്ക്കുള്ള യാത്രയിലാണ്. ചെറുവത്തൂർ നിന്നു രാത്രിയുള്ള തീവണ്ടിയിൽ കയറുമ്പോൾ ഞങ്ങളുടെ കംപാർട്ടുമെന്റിൽ ഞങ്ങൾ രണ്ടുപേർ മാത്രമേയുള്ളൂ. കണ്ണൂരെത്തിയപ്പോൾ എല്ലാ സീറ്റിലും ആളായി.

കണ്ടാൽ നല്ല മാന്യനെന്നു തോന്നുന്ന ഒരാൾ മുകളിലെ ബർത്തിൽ കയറി കിടന്നിട്ട് സ്മാർട്ട് ഫോണെടുത്ത് ഓൺചെയ്തു ഒരു പ്രസംഗം റിക്കാർഡ് ചെയ്തുവച്ചിരിക്കുന്നതു കേൾക്കാൻ തുടങ്ങി. ഫോണിൽ കിട്ടാവുന്ന പരമാവധി ശബ്ദത്തിൽ. പ്രസംഗമോ തനി രാഷ്ട്രീയം!

തങ്ങൾ കൊലപാതക രാഷ്ട്രീയക്കാരായതിന് ഉത്തരവാദികൾ തങ്ങളല്ല, ‘കൊലപാതക രാഷ്ട്രീയക്കാർ’ എന്ന് തങ്ങളെ വിളിക്കുന്നവരാണ് ഉത്തരവാദികൾ എന്നു സമർത്ഥിച്ചുകൊണ്ടുള്ള നീണ്ടു നീണ്ടു പോകുന്ന പ്രസംഗം.

എല്ലാവരും കിടക്ക വിരിച്ചു കിടക്കാൻ തുടങ്ങി. എന്നിട്ടും പ്രസംഗം ഘോരഘോരം തുടരുന്നു. ഇതു കേൾക്കേണ്ടി വരുന്ന എല്ലാവരും കണ്ണിൽക്കണ്ണിൽ നോക്കുന്നു. ‘ഞങ്ങളുടെ പ്രതിഷേധം അറിയിച്ചാലോ’ എന്നു ഞാൻ ചിന്തിച്ചു. ഒരുപക്ഷേ അയാൾ പ്രതികരിച്ചേക്കും, “ഇതു ഞാൻ റിസർവ് ചെയ്ത ബർത്താണ്. ഇവിടെ എങ്ങനെയും കിടക്കാനുള്ള സ്വാതന്ത്ര്യം എനിക്കുണ്ട്” എന്ന്. ഇതിനേക്കാൾ കടുത്ത പ്രതികരണങ്ങൾ കേട്ട അനുഭവമുണ്ട്. കാലമതാണ്!

ഏതായാലും, നിവൃത്തിയില്ലാതെ വന്നപ്പോൾ, ഏറ്റവും അകലത്തിരിക്കുന്ന ഞാൻ വിളിച്ചു പറഞ്ഞു, “ഹലോ! മുകളിൽ കിടക്കുന്ന മിസ്റ്റർ! ഈ ഞങ്ങളും ഈ വണ്ടിയിലെ പാവം യാത്രക്കാരാണ്!” ഏതായാലും അയാൾ അതു നിറുത്തി.

ഒരുപക്ഷെ സ്വന്തം പ്രസംഗം റിക്കാർഡു ചെയ്തുവച്ച് സ്വയം ആസ്വദിക്കുന്നതായിരിക്കാം! അല്ലെങ്കിൽ, ഇമ്മാതിരി പ്രസംഗങ്ങൾ വീണ്ടും വീണ്ടും കേൾക്കാനായി ആരാണ് റെക്കാർഡ് ചെയ്തു സൂക്ഷിക്കുക!

മനുഷ്യന്റെ സാമൂഹ്യബോധമാണല്ലോ ഇമ്മാതിരി പ്രസംഗങ്ങൾ ചെയ്യാനും കേൾക്കാനും അവനെ ഉത്സുകനാക്കുന്നത്. അതേ സാമൂഹ്യബോധം ഏതു രംഗത്തും വേണ്ടേ? വിശേഷിച്ചും മനുഷ്യർ ഒന്നിച്ചുകൂടുന്ന ഏതു സന്ദർഭത്തിലും? രാഷ്ട്രീയത്തിൽ ഇത്രയും ഉത്സുകനാക്കുന്ന സാമൂഹ്യബോധം, എന്തുകൊണ്ട് ചുറ്റുമുള്ള സഹോദരമനുഷ്യരോടുള്ള ബന്ധത്തിന്റെ കാര്യത്തിൽ ഇല്ലാതെപോകുന്നു? മനുഷ്യന്റെ സാമൂഹികമായ അവബോധം സംശുദ്ധമായിത്തീരുന്നത് ആ ബോധം സഹോദരമനുഷ്യനുവേണ്ടിയുള്ള കരുതലായി അതു ഭാവം പകരുമ്പോഴാണ്. സഹോദരമനുഷ്യനെ കണക്കിലെടുക്കാതെയുള്ള സാമൂഹ്യബോധം, ജീവിക്കുന്ന സാമൂഹ്യബോധമല്ല, പ്രസംഗവേദികളിൽ വിളമ്പാൻ കൊള്ളാവുന്ന സാമൂഹ്യബോധമാണ്.

മകരസംക്രമ ദീപം കാണാൻ...

പ്രൊഫ.അമ്പലപ്പുഴ രാജഗോപാൽ

ഉത്തരായനത്തിന്റെ ആരംഭമാണ് മകര സംക്രമമെന്നപോലെ, ഉത്തമമായ വിചാരങ്ങളുടെ ഉൽക്കൃഷ്ടമായ വികാരങ്ങളുടെ ഉദയവുമാണിത്

മകരവിളക്ക് ഇന്ന്

ശബരിമല മഹാസന്നിധാനം, മകരസംക്രമ ദ്യുതിയിലേക്ക് ഉണരുകയാണ്. ഭാരതത്തിലെ എല്ലാ പുണ്യ തീർത്ഥങ്ങളും ഈ ധന്യമുഹൂർത്തത്തെ വരവേൽക്കുകയാണ്. ശബരിമല, ചരാചരപ്രേമത്തിന്റെ സമസ്തഭാവങ്ങളെയും ഉൾക്കൊള്ളുന്നു. വ്രതാനുഷ്ഠാനിയായ മനുഷ്യൻ അതിലൂടെ ശുദ്ധമായ ചിന്തയുടെ ഉടമയാകുന്നു. ശ്രദ്ധായുക്തരായി വ്രതചര്യ പാലിക്കുമ്പോഴാണ് നാം യജ്ഞസാക്ഷാത്കാരത്തിന് അർഹരാകുന്നത്.

ഉത്തരായനത്തിന്റെ ആരംഭമാണ് മകര സംക്രമമെന്നപോലെ, ഉത്തമമായ വിചാരങ്ങളുടെ ഉൽക്കൃഷ്ടമായ വികാരങ്ങളുടെ ഉദയവുമാണിത്. ചലനാത്മകമായ ഈ പ്രപഞ്ചത്തിൽ എന്തൊക്കെയുണ്ടോ അതെല്ലാം ഈശ്വരനെക്കൊണ്ട് നിറഞ്ഞിരിക്കുന്നു എന്ന ഈശാവാസ്യോപനിഷത് സാരം തന്നെയാണ്, അത് നീയാകുന്നു എന്നതും. ആ തിരിച്ചറിവിലൂടെ നിന്നിലെ നിന്നെ നിനക്കു തന്നെ കണ്ടെത്താൻ കഴിയുമെന്ന ബൃഹത്തായ ഉദ്ബോധനമാണ് അനുരണനം ചെയ്യപ്പെടുന്നത്. നിന്നിലെ ആ തേജസിനെ നീ കണ്ടെത്തുമ്പോൾത്തന്നെ മറ്റുള്ളവരിലെ ആ തേജോബിംബത്തെ നീ തിരിച്ചറിയുകയും വേണം. ബ്രഹ്മത്തെ അറിയുന്നവൻ ബ്രഹ്മം തന്നെയാകുന്നു.

‘ബ്രഹ്മവിത് ബ്രഹ്മൈവഭവതി’- ഇതുതന്നെയാണ് വ്രതാനുഷ്ഠാനത്തോടെ പരസ്പരം അയ്യപ്പൻ എന്ന സംബോധനയിലൂന്നി ഉപചാരമര്യാദകൾ പാലിക്കപ്പെടുന്നത്. അയ്യനും അപ്പനും ചേർന്ന് അയ്യപ്പൻ സകലർക്കും നാഥനാണ്. ദേവപൂജിതമായ ഈ പുണ്യനികേതനം ഭേദഭാവങ്ങളാകുന്ന, വേദനകളകറ്റുന്ന ദിവ്യതീർത്ഥസ്ഥലിയായി പ്രശോഭിക്കുന്നു. ശരണംകൊണ്ട് മനഃശുദ്ധിയും വ്രതചര്യകൊണ്ട് സമർപ്പണബുദ്ധിയും ബ്രഹ്മചര്യാനുഷ്ഠാനംകൊണ്ട് ആത്മനിയന്ത്രണശേഷിയും ലളിത വസ്ത്രധാരണംകൊണ്ട് പക്വതയും സഹനസഹകരണ മനോഭാവങ്ങൾ കൊണ്ട് വിഭാഗീയാതീതമായ ജീവിത വിശുദ്ധിയും സൃഷ്ടിക്കപ്പെടുന്ന ശബരിമല യാത്ര നിത്യ ജീവനത്തിലെ മഹത്തായ സന്ദേശമാണ് നൽകുന്നത്. വൃഥാ, ബുദ്ധ്യഹങ്കാരമദമാത്സര്യ ഭാവങ്ങളാൽ മലിനമായ അന്തരീക്ഷത്തിൽ നിന്നുകൊണ്ട് മതിഭ്രമം ബാധിച്ചു തകരുന്ന മനുഷ്യനെ യഥാർത്ഥ നരനാക്കുവാൻ, കോപത്തിൽ നിന്ന് തപസിനെ രക്ഷിക്കുവാനും മത്സരത്തിൽ നിന്ന് ഐശ്വര്യത്തെ രക്ഷിക്കുവാനും മാനാപമാനങ്ങളിൽ നിന്ന് അറിവിനെ രക്ഷിക്കുവാനും തെറ്റായ മാർഗങ്ങളിൽ നിന്ന് തന്നേത്തന്നെ രക്ഷിക്കുവാനും കലിയുഗവരദനായ ശ്രീഹരിഹരസുതനെ ശരണം പ്രാപിക്കുന്ന ഭക്തികോടികളുടെ ശരണാരവങ്ങളാൽ സാമൂഹ്യാന്തരീക്ഷത്തെ വിമലമാക്കുകയാണിവിടെ.

ജീവിതം യജ്ഞമാണ്. നന്മ തേടിയുള്ള യജ്ഞം, നന്മയിലേക്കുള്ള അന്വേഷണമാണത്. നന്മയുടെ സംക്രമാർച്ചനയായി നമുക്ക് ഈ മുഹൂർത്തം അനുഭവവേദ്യമാക്കാം.

പറക്കട്ടെ പൊതുജനവും കോപ്ടറുകളിൽ

ഡോ.ബി.അശോക്

മുഖ്യമന്ത്രി ഹെലിയാത്ര കൂടുതൽ അവലംബിച്ചാൽ തെരുവിൽ ജനങ്ങൾക്ക് കൂടുതൽ സ്വാതന്ത്ര്യം ലഭിക്കും. കടന്നുപോകുന്നിടത്തെല്ലാം ‘വിക്ടറെ‘ കാത്ത് പോലീസ് വാഹനവും എസ്കോർട്ടുകാരും എസ്കോർട്ടിലിടിച്ചു നിരത്തിൽ പൊലിയാൻ സാധ്യതയുള്ള ജീവനും സംരക്ഷിക്കപ്പെടും എന്നതു കാണാതിരിക്കരുത്

കേന്ദ്രമന്ത്രിയോടൊപ്പം പ്രവർത്തിച്ച വേളകളിൽ ഇടയ്ക്കിടെ കയറേണ്ടിവന്നിരുന്ന നാവിക വ്യോമസേനകളുടെയും സ്വകാര്യ ഹെലികോപ്ടറുകളിലും. ഇഷ്ടമുണ്ടായിട്ടല്ല! കയറിപ്പറ്റാവുന്ന ഏറ്റവും അപകടം പിടിച്ച വാഹനമാണത്. ഇന്ന് ഇരട്ട എഞ്ചിൻ കോപ്ടറുകളെ ഉപയോഗിക്കുന്നുള്ളൂ; വി.ഐ.പി കൾക്ക് പ്രത്യേകിച്ചും. ലക്ഷദ്വീപിലേക്ക് കോപ്ടറിൽ പറന്നത് ഇപ്പോഴും ചെറിയ ഭീതിയാണ്. മണിക്കൂറോളം കടലിനുമീതെയുള്ള പറക്കൽ എഞ്ചിൻ അറച്ചാൽ ലാൻഡിംഗ് എന്നൊരു സാധ്യതയേ ഇല്ല. കടലിന്റെ ആഴത്തിൽ മരണം സുനിശ്ചിതം. അന്നു കയറിയ അതേ കോപ്ടർ പിന്നീട് പ്ലാനിംഗ് കമ്മീഷൻ സെക്രട്ടറിയുമായി തകർന്നു കടലിൽ പതിച്ചു. ഭാഗ്യത്തിന് സമയത്തു കപ്പലടുത്തുണ്ടായതിനാൽ ആരും കൊല്ലപ്പെട്ടില്ല എന്നോർക്കുന്നു.

ദേശീയ അക്കാഡമിയിൽ പ്രവർത്തിക്കുമ്പോഴും ഡെറാഡൂൺ മുസ്സോറി ചുരം മഞ്ഞിടുമ്പോഴോ ഡൽഹി വി.ഐ.പികൾ വരുമ്പോഴോ ഹെലികോപ്ടറുകളുടെ ഇരമ്പം അവിടെ സാധാരണമായിരുന്നു. മൂന്നു കോപ്ടർ ഇറങ്ങാനുള്ള ഹെലിഫീൽഡ് അവിടെയുണ്ട്. വ്യോമസേനയുടെ മാർഷൽമാരും കരസേനയുടെ ലെഫ്നന്റ് ജനറൽമാരും നാവികസേനയുടെ അഡ്മിറൽമാരും അവരുടെ ഓപ്പറേഷണൽ പരിധിയിൽ ഹെലികോപ്ടറുകളിലാണ് സഞ്ചരിക്കുന്നത്. കേന്ദ്ര സെക്രട്ടറി പദവിയിലുള്ള ഉദ്യോഗസ്ഥരാണവർ. കേന്ദ്ര ഇന്റലിജൻസ് മേധാവി, ‘റോ‘ മേധാവി, കേന്ദ്ര ആഭ്യന്തര/പ്രതിരോധ സെക്രട്ടറിമാർ എന്നിവരും ഒരു ഘട്ടത്തിൽ പരിസ്ഥിതി സെക്രട്ടറിയും വന്നെത്തുന്നത് ചാർട്ടർ ചെയ്ത അഥവാ മന്ത്രാലയത്തിന്റെ സ്വന്തം കോപ്ടറുകളിലായിരുന്നു. സമയലാഭം തന്നെയാണ് ഇതിന്റെ വലിയ മെച്ചം. സാധാരണ ദൽഹി മുസ്സോറി പത്തു മണിക്കൂർ ഫലത്തിൽ നഷ്ടമാകുന്ന ട്രെയിൻ യാത്രയായിരുന്നുവെങ്കിൽ (ഇപ്പോൾ കൊമേർഷ്യൽ വിമാനമുണ്ട്. എന്നാലും ഡോർ ടു ഡോർ 4 മണിക്കൂർ കുറഞ്ഞതു വേണം) കോപ്ടർ 40 മിനിട്ടിൽ എത്തിക്കും. അവസാനം കോപ്ടർ ചാർട്ടർ ചെയ്യുമ്പോൾ മണിക്കൂറിന് 75,000 രൂപ വാടക ചോദിക്കപ്പെട്ട എന്നാണോർമ്മ. നടൻ അമീർഖാന്റെ വരവു സംബന്ധിച്ചായിരുന്നു അത്. വരവു പക്ഷേ അവസാനം കാറിലാക്കേണ്ടി വന്നു. സമയത്ത് മഞ്ഞുവീണതു മൂലം ഡെറാഡൂൺ ടവർ പറക്കാനനുമതി നൽകിയില്ല. കോപ്ടറിന്റെ ചെലവു കൂട്ടുന്നതു കമ്പനി ഹാംഗർ ടു ഹാംഗർ ചെലവ് മണിക്കൂറിന് ഈടാക്കും എന്നതു കൊണ്ടാണ് ക്രൂവിന് ഒരാൾക്ക് 15,000 രൂപ പ്രതിദിനം പഞ്ചനക്ഷത്ര നിരക്കിൽ ബത്തയും നൽകണം..

കേന്ദ്രപ്രതിരോധ ആഭ്യന്തര മന്ത്രിമാരും സഹമന്ത്രിമാരും പ്രധാനമന്ത്രിയും പ്രതിരോധ വ്യോമസേനാ വിമാനങ്ങൾ തന്നെ ഉപയോഗിക്കുന്നു. പ്രധാനമന്ത്രിക്ക് പ്രത്യേകം വാങ്ങി തയ്യാർ ചെയ്ത എംബ്രേയർ ലക്ഷ്വറി ജറ്റും ബോയിംഗ് (ഇന്ത്യൻ എയർഫോഴ്സ് 1) വിമാനവുമുണ്ട്. 7000 കിലോമീറ്റർ നിറുത്താതെ പറക്കുന്ന കമാന്റ് ‘പോസ്റ്റുകളാ’ണവ. വിദേശത്തു പറക്കുമ്പോൾ പോലും വിപുലമായ ഓഫീസ് സൗകര്യവും ലോകവ്യാപകമായി സമ്പർക്കമുള്ള വാർത്താവിനിമയ ശൃംഖലയും ഒക്കെയുള്ളതായ പറക്കുന്ന ഓഫീസുകൾ. പതിനായിരക്കണക്കിൽ കോടി രൂപയുടെ മുതൽ മുടക്കിയാണ് പ്രസിഡന്റും പ്രധാനമന്ത്രിയും ഉപയോഗിക്കുന്നതായ ബോയിംഗ് ജറ്റുകൾ തയ്യാർ ചെയ്തിരിക്കുന്നത്. 2010 ലോ മറ്റോ ഇവ വാങ്ങിയതിൽ സി.എ.ജി വലിയ ഒച്ചപ്പാടുണ്ടാക്കുകയും ചെയ്തു.

ഇതൊക്കെ അറിയുന്ന ആരും ഒരു സംസ്ഥാന മുഖ്യമന്ത്രി 600 കി.മീറ്റർ കമേർഷ്യൽ കോപ്ടർ 8 ലക്ഷം രൂപയ്ക്ക് ചാർട്ടർ ചെയ്തതിനെ കുറ്റം പറയുകയില്ല. കേന്ദ്ര ക്യാബിനറ്റ് മന്ത്രിയുടെ പദവിയുള്ള വലിയ സുരക്ഷ പരിഗണിക്കാനുള്ള ഭരണഘടനാ സ്ഥാനീയൻ അടിയന്തര യാത്രയ്ക്ക് ലഭ്യമായ കുറഞ്ഞ ചെലവുള്ള കോപ്ടർ വാടകയ്ക്കെടുത്തത് വിമർശന വിധേയമാക്കപ്പെടുന്ന ഏക സംസ്ഥാനം കേരളമാകണം. എന്റെയറിവിൽ മഹാരാഷ്ട്ര, രാജസ്ഥാൻ, യു.പി. (വിമാനം തന്നെ ചാർട്ടർ ചെയ്യുന്നു) മദ്ധ്യപ്രദേശ്, ആന്ധ്രാപ്രദേശ്, തെലുങ്കാന, തമിഴ്നാട് മുഖ്യമന്ത്രിക്കും എല്ലാ വടക്കുകിഴക്കൻ സംസ്ഥാന മുഖ്യന്മാരും അപകടസാധ്യതയൊക്കെ മാറ്റിവച്ച് സമയലാഭത്തിന് കോപ്ടറുകളെയാണാശ്രയിക്കുന്നത്. വടക്കുകിഴക്കും കാശ്മീരും മുഖ്യമന്ത്രിമാരെ വ്യോമയാന/കരസേന പറത്തുന്നു. കാരണം ലളിതമാണ്. റോഡ് യാത്ര കൂടുതൽ അപകടം പിടിച്ചതും സെക്യൂരിറ്റിക്കായി പലമടങ്ങ് സംസ്ഥാനത്തിന് കൂടുതൽ ചെലവിടേണ്ടി വരുന്നതുമാണ്. ഗതാഗതം തടഞ്ഞും തിരിച്ചുവിട്ടും ജനങ്ങളുടെ ദുരിതം വേറേയും. ഇവിടെ സുരക്ഷ വലിയ പ്രശ്നമല്ലെങ്കിലും മുഖ്യമന്ത്രി ഹെലി യാത്ര കൂടുതൽ അവലംബിച്ചാൽ തെരുവിൽ ജനങ്ങൾക്ക് കൂടുതൽ സ്വാതന്ത്ര്യം ലഭിക്കും. കടന്നുപോകുന്നിടത്തെല്ലാം ‘വിക്ടറെ‘ കാത്ത് പോലീസ് വാഹനവും എസ്കോർട്ടുകാരും എസ്കോർട്ടിലിടിച്ചു നിരത്തിൽ പൊലിയാൻ സാധ്യതയുള്ള ജീവനും സംരക്ഷിക്കപ്പെടും എന്നതു കാണാതിരിക്കരുത്. ക്രമസമാധാനത്തിനും കേസന്വേഷണത്തിനും കൂടുതൽ പോലീസ് തലകൾ കിട്ടും.

ഗവർണർ, മുഖ്യമന്ത്രി, അടിയന്തര സ്വഭാവത്തിൽ പ്രവർത്തിക്കേണ്ടതായ വകുപ്പിലെ മന്ത്രിമാർ, ചീഫ് സെക്രട്ടറി, ഡി.ജി.പി എന്നിവർക്കായി സ്ഥിരം ചാർട്ടർ ചെയ്ത കോപ്ടർ സൗകര്യം ഏർപ്പെടുത്തുന്നതാവും ഭേദം. ഇവിടെ അനാവശ്യ വിവാദം ഉണ്ടാവുന്നത് സംഭവഗതികളുടെ ടൈമിംഗിലാണ്. യാത്രാക്കൂലി കൊടുക്കാനെഴുതിയ ഉത്തരവ് നിർഭാഗ്യവശാൽ അതിനു വഴിയിട്ടു. അതു മെച്ചപ്പെടുത്താമായിരുന്നു. ഇനി പറഞ്ഞിട്ടു കാര്യമില്ല. ചുരുക്കിപ്പറയേണ്ടത് പരത്തിപ്പറഞ്ഞാൽ കുഴയും. ചില കാര്യങ്ങൾ അങ്ങനെയാണ്. സാങ്കേതികമായി 100 ശതമാനം ശരിയായതു രാഷ്ട്രീയമായി ശരിയാവുന്ന ഒരു രാഷ്ട്രീയ കാലാവസ്ഥയിലല്ല കേരളം.

ഹെലി യാത്ര എല്ലാജില്ലയിലും സാദ്ധ്യമാക്കാൻ ഓരോ കോടി രൂപയ്ക്ക് എല്ലാ ജില്ലയിലും ഹെലി പാഡ് ചാർട്ടർ കോപ്ടറും ഒരുക്കാൻ പഴയ സർക്കാരിന് പദ്ധതിയുണ്ടായിരുന്നു. വയനാട്ടിൽ സർവകലാശാലയിൽ ഞാൻ സ്ഥലം കണ്ടെത്തി നൽകിയതുമാണ്. എന്തുകൊണ്ടോ തിരഞ്ഞെടുപ്പ് അടുത്തപ്പോൾ ഒടുവിൽ ധനവിനിയോഗം മരവിച്ചു. നെടുമ്പാശ്ശേരി, കണ്ണൂർ, കോഴിക്കോട്, വയനാട്, കാസർഗോഡ് ഹെലി കണക്ടിവിറ്റി വന്നാൽ ചുരവും മോശം റോഡുകളും താണ്ടുന്ന വയനാട് കാസർഗോഡുകാർക്ക് ചികിത്സാ സൗകര്യവും മറ്റും കരതരമായേനെ. ടൂറിസവും നന്നായി വളർന്നേനേ. ഇപ്പോഴുയർന്ന കഥയില്ലാത്ത വിമർശനങ്ങൾക്ക് മറുപടിയായി സാധാരണക്കാരെയും നിരക്കു നിശ്ചയിച്ച് ഒരു ഹെലിടൂറിസ്റ്റ് സർക്യൂട്ട് തന്നെ കേരളത്തിൽ നടപ്പാക്കുകയാണ് ചെയ്യേണ്ടത്. വെള്ളത്തിലും ഇറങ്ങാവുന്നതായ കോപ്ടറുകളാണ് ഇന്നുള്ളത് എന്നോർക്കണം. ഇന്ന് കാറിൽ കയറുന്ന സാധാരണ യാത്രികർ ഹെലികോപ്ടറിൽ യാത്രചെയ്യട്ടെ. പിന്നെ ഇവിടെ വിലകുറഞ്ഞ വിമർശനം ഉണ്ടാവില്ല.

(അഭിപ്രായം വ്യക്തിപരം)

സോഷ്യലിസത്തിന്റെ നഷ്ടക്കച്ചവടം

വാരവിശേഷം

ദ്രോണർ



വർഗീയതയെ ചെറുക്കാനുള്ള ഫലപ്രദമായ ഒരിടം തേടിയലയുന്നതിന്റെ തത്രപ്പാട് പാവങ്ങളുടെ ലോഹ്യ വീരേന്ദ്രകുമാറിനേ അറിയൂ. വർഗീയതയെ ചെറുക്കാൻ വീരൻ ലോഹ്യ റെഡിയാണ്. എന്നുവച്ച് അതേതെങ്കിലും ഓണം കേറാമൂലയിൽ കുത്തിയിരുന്ന് സാധിക്കാവുന്ന കാര്യമല്ല. അത് ചെന്നിത്തല കുത്തിയിരിക്കുന്നത് പോലെയാവും. ഒരു നിലയും വിലയുമുണ്ടാവണമെന്നില്ല.

ഒരരിക് പിടിച്ച് എൽ.ഡി.എഫ് കോലായിൽ കേറിപ്പറ്റാൻ പരിപാടിയിട്ടത് അങ്ങനെയാണ്. അതുണ്ടോ പാവം തങ്കച്ചൻചേട്ടൻ അറിയുന്നു. യു.ഡി.എഫ് എന്നൊരു സംഗതിയുടെ കൺവീനർ ആണെന്നേ ഉള്ളൂ. സംക്രാന്തി നോക്കി യു.ഡി.എഫ് യോഗം വിളിച്ചാൽ ചേട്ടൻ ചെന്നൊന്ന് അദ്ധ്യക്ഷം വഹിച്ച് കൊട്ടത്തിട്ടിങ്ങ് പോരും. അദ്ധ്യക്ഷഭാരം താങ്ങാനാവാത്ത ചേട്ടന് പിന്നീട് അടുത്ത യോഗനാൾ വരേക്കും ഉഴിച്ചിലിന്റെയും പിഴിച്ചിലിന്റെയും കാലമാണ്. ഇതിനിടയിൽ വീരൻ ലോഹ്യ, യു.ഡി.എഫിന്റെ മതില് ചാടുന്നോ, എൽ.ഡി.എഫിന്റെ മതിലിൽ വലിഞ്ഞ് കേറുന്നോ എന്നൊന്നും നോക്കാൻ തങ്കൻചേട്ടന് നേരമില്ല. (നോക്കിയാലും ഒട്ട് പ്രയോജനമൊന്നുമുണ്ടായിട്ടില്ല.) അതുകൊണ്ട്, അണ്ടിയോടടുക്കുമ്പോൾ മാങ്ങയുടെ പുളി അറിയാമല്ലോയെന്ന് സമാധാനിച്ച് കഴിയുകയായിരുന്നു.

അണ്ടിയോടടുത്തപ്പോൾ മാങ്ങയുടെ പുളി ശരിക്കും അറിഞ്ഞെന്നാണിപ്പോൾ തങ്കൻചേട്ടൻ കണ്ണീരൊലിപ്പിക്കുന്നത്. മൂക്ക് പിഴിഞ്ഞും കണ്ണുനീര് തുടച്ചും ചെന്നിത്തലയും എന്തൊക്കെയോ പറയുന്നുണ്ട്. വീരന്റെ അവസ്ഥയെന്താണിവരൊന്നും മനസ്സിലാക്കാത്തത്. സോഷ്യലിസം എന്നൊക്കെ പറയുന്നത് അങ്ങാടി മരുന്നോ പച്ചമരുന്നോ എന്നറിയാത്ത വർഗമായത് കൊണ്ടാണ് ഈ കരച്ചിലും പിഴിച്ചിലുമൊക്കെ. ഏഴെട്ടാണ്ട് കൂടെപ്പാർത്തപ്പോഴാണ് സോഷ്യലിസത്തിന്റെ മൂല്യമറിയാത്ത വർഗത്തെ വീരൻലോഹ്യ തിരിച്ചറിഞ്ഞത്. റാംമനോഹർ ലോഹ്യ തൊട്ടിങ്ങ് കെ.പി. മോഹനൻ വരെയുള്ളവരെ മനസ്സിലാക്കാനുള്ള ചരിത്രബോധമൊന്നും ചെന്നിത്തലയിലെ നായന്മാർക്കുണ്ടാവണമെന്നില്ല. വീരന് എല്ലാം സോഷ്യലിസമാണ്. എവിടെത്തിരിഞ്ഞൊന്ന് നോക്കിയാലും അവിടെല്ലാം സോഷ്യലിസം പൂത്ത് നിൽക്കുന്ന മരങ്ങൾ മാത്രമേ കാണാവൂ എന്ന ശാഠ്യക്കാരനാണ്. അത് വീരന്റെ കുഴപ്പമല്ല. നാല്പതാണ്ട് ഇടത് പക്ഷത്ത് നിന്നെന്നാണ് പറയുന്നത്. ആ ഘട്ടത്തിലൊന്ന് വലത്തോട്ട് നോക്കിപ്പോയപ്പോൾ അവിടെ സോഷ്യലിസത്തിന്റെ അഭാവം നിഴലിച്ചുകണ്ടു. കഷ്ടകാലത്തിന് ഉടനെ ചാടിപ്പുറപ്പെട്ട് സോഷ്യലിസമുണ്ടാക്കാൻ തുനിഞ്ഞു. പന്തീരാണ്ട് ഓടക്കുഴലിട്ടാലും നേരെയാവില്ലെന്ന് തോന്നിയത് കൊണ്ടോ എന്തോ തിരിച്ച് ഇടതിലേക്ക് തന്നെ വരണമെന്ന് തോന്നി. കണ്ടകശനി കൊണ്ടല്ലേ പോവൂ.

ഏഴെട്ട് കൊല്ലം മുമ്പ് എൽ.ഡി.എഫിൽ നിന്നിറങ്ങി യു.ഡി.എഫിൽ ചെന്ന് നിന്നപ്പോൾ, സോഷ്യലിസം പോയിട്ട് ജനാധിപത്യം പോലുമില്ലാത്ത പിണറായിലോകത്തായിരുന്നല്ലോ ഇത്രയും കാലം താനിരുന്നത് എന്ന് വീരൻ കുണ്ഠിതപ്പെട്ടത് ശരി തന്നെ. നാളുകൾ നീങ്ങിയപ്പോഴല്ലേ, ഇത് നഷ്ടക്കച്ചവടമെന്ന ബോദ്ധ്യം വന്നത്. ഒരു കോഴിക്കോട് സീറ്റ് തട്ടിപ്പറിച്ചെന്ന കുറ്റമേ പിണറായി സഖാവ് ചെയ്തുള്ളൂ. ഇപ്പോഴാണെങ്കിൽ ഉള്ള മാനവും പോയി, ഉടുതുണിക്ക് മറുതുണിയില്ലാത്ത പരുവത്തിലായി. എങ്ങനെ സഹിക്കും?

‘ഇരുൾ പരക്കുന്ന കാലം‘ എന്ന പുസ്തകം പോലുമെഴുതിയത്, യു.ഡി.എഫ് പൊറുതിക്കാലത്തെ ഓർത്തിട്ടായിരുന്നു. അത് പ്രകാശനം ചെയ്യാൻ പിണറായിസഖാവിനെയല്ലാതെ വേറെയാരെയാണ് വിളിക്കുക. സഖാവിനെ കണ്ടതോടെയാണ് പണ്ട് ജയിലിൽ ഒരുമിച്ച് കിടന്ന കാലം ഓർമ്മ വന്നത്. പിന്നെ ഗദ്ഗദ കണ്ഠനായി. അന്ന് തീരുമാനിച്ചതാണ് ഇനി സോഷ്യലിസമൊന്ന് പുഷ്ടിപ്പെടുത്തണമെന്ന്. വർഗീയതയെ ചെറുത്തുതോല്പിക്കണമെന്നും. അതിന് പറ്റിയ സമയമുണ്ടായിരിക്കുന്നു. അത് മനസ്സിലാക്കാനുള്ള സന്മനസ്സ് ചെന്നിത്തലയ്ക്കും ഹർത്താൽഗാന്ധി ഹസ്സൻജിക്കും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

....

- അമ്പലങ്ങളിൽ പൂജാ കർമ്മങ്ങൾ ചെയ്യുമ്പോൾ മനുഷ്യന് നന്മയേ ഉണ്ടാകൂ എന്നാണ് ഇ.പി. ജയരാജൻസഖാവിന്റെ അനുഭവം. സഖാവിന് അല്ലെങ്കിലും ഈയിടെയായി ആത്മീയചിന്തയാണ് കലശൽ. കാൾമാർക്സിനെ കണ്ടുമുട്ടിയാലും ‘ഏതാ, നക്ഷത്രം‘ എന്ന് ചോദിക്കുന്ന പരുവത്തിലാണിപ്പോൾ സഖാവ്. പാർട്ടി സമ്മേളനങ്ങളിൽ കമ്യൂണിസ്റ്റ് ഇന്റർനാഷണൽ ചൊല്ലിക്കൊടുക്കാൻ ചട്ടം കെട്ടാറ് സഖാവിനെയാണ്. സഖാവിന് അപ്പോൾ ഒരുൾവിളി ഉണ്ടാവാറുണ്ടത്രെ. വിപ്ലവം ഉടൻ വിരിയും എന്ന തരത്തിലുള്ള ചില പ്ലവംശബ്ദം അടിവയറ്റിൽ നിന്നുയരുന്നതാണ് ഇതിന്റെ ലക്ഷണം.

ഏതോ ചിറ്റപ്പൻബോധത്താൽ ചില അക്കിടികൾ പറ്റിപ്പോയതോടെ സഖാവിന്റെ വഴി തിരിഞ്ഞുപോയി. കേന്ദ്രകമ്മിറ്റി ശാസിക്കുക കൂടി ചെയ്തതോടെ എല്ലാം പൂർണമായി. പിന്നീടിങ്ങോട്ടാണ് അമ്പലങ്ങളിലെ ആത്മീയ ഉണർവിനെപ്പറ്റിയുള്ള ഗവേഷണത്തിൽ തല്പരനായിത്തുടങ്ങിയത്. എന്നുവച്ച് ഇപ്പോഴും പാർട്ടി സമ്മേളനത്തിൽ ഇന്റർനാഷണൽ ചൊല്ലിക്കൊടുക്കാൻ സഖാവില്ലാതെ പറ്റില്ലെന്ന് പാർട്ടി പറയുന്നുണ്ട്. അതിന് തക്ക തണ്ടും തടിയുമുള്ള ആളെ വേറെ കിട്ടാനില്ലാത്തതാണ് കാരണം. പുതിയ ആത്മീയബോധം സഖാവിനെ എങ്ങനെ ബാധിക്കുമെന്നേ ഇനി അറിയേണ്ടൂ!

ഇ-മെയിൽ:
dronar.keralakaumudi@gmail.com